**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി മത്സ്യകർഷകരുടെ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മത്സ്യകർഷകർക്ക് കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാലയിൽ (KUFOS) വെച്ച് സംസ്ഥാനതല ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിന് പുറമേ തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ മത്സ്യ കർഷകർക്കായി ജില്ലാതല ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുന്നതിനായി ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് വരുന്നു. കൂടാതെ എഫ്.എഫ്.പി.ഒ യുടെ ക്ലസ്റ്റർ ബേസ്ഡ് ബിസിനസ് ഓർഗനൈസേഷൻ ആയി അഡാക്കിനെ ചുമതലപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ കോപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷന് (എൻ.സി.ഡി.സി) സമർപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.എഫ്.പി.ഒ) രൂപീകരിക്കണമെന്ന് നാഷണൽ കോപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) മത്സ്യഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ നിലവിൽ അത്തരത്തിലുള്ള എഫ്.എഫ്.പി.ഒ രൂപീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ പ്രാഥമിക മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രസക്തി നഷ്ടമാകുമെന്ന ആശങ്ക | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ